**കേരളസംസ്ഥാന മുന്നാക്ക സമുദായക്ഷേമകോർപ്പറേഷൻ**

ഫോൺ: **0471-2311215**, **e-mail:** kswcfc@gmail.com **Website:** www.kswcfc.org

**മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന ധനസഹായ പദ്ധതി.**

2018-19 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാസമുന്നതി മെഡിക്കൽ/എഞ്ചിനീയറിംഗ് (ബിരുദതലത്തിലും ബിരുദാനന്തര ബിരുദതലത്തിലും) പ്രവേശന പരീക്ഷാ പരിശീലന ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ:-

- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ ഓൺലൈൻ ഡാറ്റാബാങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ലഭിക്കുന്ന രജിസ്റ്റർ നമ്പർ ഉപയോഗിച്ച് മാത്രമേ പരിശീലന ധനസഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഒരുതവണ മാത്രംചെയ്യേണ്ടതും പ്രസ്തുത രജിസ്ട്രേഷൻ നമ്പർ സൂക്ഷിച്ച് വയ്ക്കേണ്ടതുമാണ്. കോർപ്പറേഷൻ ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ ഈ രജിസ്ട്രേഷൻ നമ്പർ അനിവാര്യമാണ്.
- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- അപേക്ഷകരുടെ (പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) കുടുംബവാർഷിക വരുമാനം **നാലര ലക്ഷം (4,50,000/-)** രൂപയിൽ താഴെ ആയിരിക്കണം.
- **ബിരുദതലം:** SSLCപഠനം പൂർത്തിയാക്കിയവർക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ ഓരോ വിഷയത്തിനും B+ Grade അല്ലെങ്കിൽ 70% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്./ HSS പഠനം പൂർത്തിയാക്കിയവർക്ക് ഫിസിക്സ്, കെമിസ്ട്രി, ഓപ്ഷണൽ വിഷയം എന്നിവയിൽ ഓരോ വിഷയത്തിനും B+ Grade അല്ലെങ്കിൽ 70% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. 20 വയസ്സാണ് അപേക്ഷകർക്ക് നിശ്ചയിച്ചിരിക്കുന്ന പ്രായപരിധി. (2018 നവംബർ 1 പ്രകാരം)

  **ബിരുദാനന്തര ബിരുദതലം:** ബിരുദ പഠനം പൂർത്തിയാക്കിയവർ 60% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

- പരിശീലന ധനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെപറഞ്ഞി ട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം നിർബന്ധമായും ലഭ്യമാ ക്കേണ്ടതാണ്.

  1. ജാതി തെളിയിക്കുന്ന രേഖ- വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ Transfer Certificate.
     (വില്ലേജ് ഓഫീസർ നൽകുന്ന Minority Certificate/ മറ്റുരേഖകൾ സ്വീകാര്യമല്ല)
  2. വരുമാന സർട്ടിഫിക്കറ്റ് (റവന്യു അധികാരി/ വില്ലേജ് ഓഫീസർ നൽകുന്നത്).
  3. മാർക്ക് തെളിയിക്കുന്ന രേഖ
     - **<u>ബിരുദതലം:</u>** SSLC/ HSS സർട്ടിഫിക്കറ്റ്.
     - **<u>ബിരുദാനന്തര ബിരുദതലം:</u>** Degree സർട്ടിഫിക്കറ്റ്.
  4. പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
  5. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട്നമ്പർ, ബ്രാഞ്ച്, IFSC എന്നിവ വ്യക്തമായി രേഖപ്പെടുത്തിയത്).
  6. ആധാർകാർഡ്.

- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷയുടെയും, ഉള്ളടക്കം ചെയ്യുന്ന രേഖകളുടെയും പകർപ്പ് തപാലിൽ കേരള സംസ്ഥാന മുന്നാക്ക സമു ദായ കോർപ്പറേഷനിൽ **അയച്ചുതരേണ്ടതില്ല**.
- മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലന ധനസഹായത്തിനായി അപേക്ഷിക്കുന്നവർ നിലവാരമുള്ള പരിശീലന സ്ഥാപനങ്ങളിൽ പഠിച്ച് കൊണ്ടിരി ക്കുന്നവരാകണം.
- പരിശീലന ധനസഹായം **<u>''ഒടുക്കിയ ഫീസ് തിരികെ നൽകുന്ന മാതൃകയിൽ ആണ്''</u>**. പരമാവധി 10,000/- രൂപ വരെ ഫീസ് ഇനത്തിൽ അടച്ച തുകയാണ് തിരികെ നൽകുന്നത്. പരിശീലന ധനസഹായം പരമാവധി 10,000/- രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, അപേക്ഷകൻ ഒടുക്കിയ ഫീസ് തുക മാത്രമേ അനുവ ദിച്ച് നൽകുകയുള്ളൂ. പരിശീലനത്തിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേ ഷണൽ ടെക്ക്നോളജി രൂപകല്പന ചെയ്തിട്ടുള്ള ''Easy Entrance'' സി.ഡി വാങ്ങിയിട്ടുള്ളവർക്കും പദ്ധതി മുഖേന ധനസഹായം ലഭിക്കുന്നതാണ്. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർ സി.ഡി വാങ്ങിയതിന്റെ അസ്സൽ രസീത് ഹാജരാക്കേണ്ടതാണ്.

- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് വിദ്യാർത്ഥികൾക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതക്കനുസൃതമായിട്ടുമാണ് ഗുണ ഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകന്റെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **07.12.2018** ആണ്. അപേക്ഷകർക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷ പ്രസ്തുത തീയതി വരെ മാത്രമേ തിരുത്തുന്നതിനുള്ള അവസരം ലഭിക്കുകയുള്ളൂ. പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- ***കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രസ്തുത പരീക്ഷാ പരിശീലന ധനസഹായം മുമ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കാൻ അർഹരല്ല.***

- പരിശീലന ധനസഹായത്തിനായി ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർക്ക് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേയ്ക്ക് SMS ലഭിക്കുന്നതാണ്. **SMS ലഭിക്കുന്ന അപേക്ഷകർ മാത്രം താഴെപ്പറയുന്ന രേഖകൾ** തപാലിൽ Kerala State Welfare Corporation for Forward Communities ltd, TC9/476, L2, Kuleena, Jawahar Nagar, Kowdiar. P.O., Thiruvananthapuram- 3എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

  - ഓൺലൈൻ അപേക്ഷയുടെ പകർപ്പ്.
  - ജാതി തെളിയിക്കുന്ന രേഖ- വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ Transfer Certificateന്റെ പകർപ്പ്.
    (വില്ലേജ് ഓഫീസർ നൽകുന്ന Minority Certificate/മറ്റുരേഖകൾ സ്വീകാര്യമല്ല)
  - വരുമാന സർട്ടിഫിക്കറ്റ് (റവന്യു അധികാരി/വില്ലേജ് ഓഫീസർ നൽകുന്നത്).
  - മാർക്ക് തെളിയിക്കുന്ന രേഖയുടെ പകർപ്പ്.
    - **ബിരുദതലം:**SSLC/ HSS സർട്ടിഫിക്കറ്റ്.
    - **ബിരുദാനന്തര ബിരുദതലം:** Degree സർട്ടിഫിക്കറ്റ്.
  - പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
  - അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, IFSC എന്നിവ വ്യക്തമായി രേഖപ്പെടുത്തിയത്).
  - ആധാർ കാർഡിന്റെ പകർപ്പ്.
  - പരിശീലനത്തിനായി ഫീസ് ഒടുക്കിയതിന്റെ / ‘‘Easy Entrance’’ സി.ഡി വാങ്ങിയതിന്റെ അസ്സൽ രസീത്.